പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*605 — 24.5.2017 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>,, എ.എം. ആരിഫ്<br>,, എം. രാജഗോപാലൻ<br>,, കെ. ബാബു | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനും സമത്വം ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) ഭിന്നശേഷിക്കാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അനുയാത്ര എന്ന പേരിൽ സമഗ്രമായ പദ്ധതിയ്ക്ക് സാമൂഹ്യസുരക്ഷാമിഷൻ മുഖേന രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-<br>1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.<br>2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി<br>3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ<br>4. നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം<br>5. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ<br>6. പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ<br>7. സ്പെഷ്യൽ അങ്കണവാടികൾ<br>8. പ്രോജക്ട് ഓട്ടിസം<br>9. കാതോരം<br>10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)<br>11. ഹെൽപ്പ് ഡെസ്ക്<br>12. Student Initiative<br>13. ദേശീയ ശില്പശാല<br>14. വിവര വിദ്യാഭ്യാസ വ്യാപന (IEC) [illegible]<br>15. എം.എം.ആർ & റൂബെല്ലാ വാക്സിനേഷൻ<br>കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് റീഡേഴ്സ് അലവൻസ്<br>2. അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്<br>3. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് ധനസഹായം<br>4. വികലാംഗ ദുരിതാശ്വാസ നിധി ധനസഹായം<br>5. വികലാംഗരായ മാതാപിതാക്കളുടെ പെൺ മക്കൾക്ക് /വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം |

6. CDMRP- കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം
7. അൾഷിമേഴ്സ് റിലേറ്റഡ് ഡിസോഡർ സൊസൈറ്റി ഓഫ് ഇന്ത്യ(ARDSI)
8. എപ്പിലെപ്സി കെയർ ത്രൂ സ്കൂൾസ്
9. പാലിയം ഇന്ത്യ
10. സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ(SNAC)
11. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO)
12. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)
13. ഇൻസൈറ്റ് പ്രോജക്ട്
14. ഡിസ്ട്രിക്ട് സൈക്യാട്രിക് റീഹാബിലിറ്റേ ഷൻ പ്രോജക്ട്
15. സ്ഥാപനങ്ങൾ

18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ ലഭ്യമാകുന്ന ആർ.ബി.എസ്.കെ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഡി.ഇ.ഐ.സി(ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ) പ്രവർത്തന സജ്ജമായിട്ടുണ്ട്. ആർ.ബി.എസ്.കെ പദ്ധതിയുടെ ഭാഗമാണ് ഡി.ഇ.ഐ.സി. കേരളത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല ആശുപത്രികളിൽ ഡി.ഇ.ഐ.സി ആരംഭിച്ചു

ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിന്റെ ഭാഗമായി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി തിരുവനന്തപുരം റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ലാബുകളിലൂടെ ന്യൂബോൺ സ്ക്രീനിംഗ് ടെസ്റ്റുകൾ ചെയ്യുന്നുണ്ട്. കൺജെനിറ്റൽ ഹൈപ്പോ തൈറോയിഡിസം കൺജെനിറ്റൽ അഡ്രീനൽ ഹൈപ്പർ പ്ലേസിയ. ഫിനൈൽ കിറ്റോന്യൂറിയ, ജി & പി.ഡി. ഡെഫിഷ്യൻസി എന്നീ ജനിതക മെറ്റബോളിക് രോഗ ടെസ്റ്റുകൾക്കുള്ള പരിശോധനാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനും സമത്വം ഉറപ്പാക്കുന്നതിനുമായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. അംഗവൈകല്യമുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽ ചെയർ, കൃത്രിമക്കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം
2. അംഗവൈകല്യമുള്ളവർക്കു വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽ ചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്കു വിധേയമായി

| | |
|---|---|
| | 4. അംഗവൈകല്യമുള്ളവർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി<br>5. നാഷണൽ ഹാൻറിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/ വിദ്യാഭ്യാസ വായ്പ<br>6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി<br>7. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്. എഫ്.ഡി.സി വായ്പാ സബ്സിഡി<br>8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി<br>9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ<br>10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി- സംസ്ഥാനതലത്തിൽ നടപ്പാക്കൽ<br>11. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും<br>12. വികലാംഗരായ വയോജനങ്ങൾക്ക വേണ്ടിയുള്ള വൃദ്ധസദനം -പരിപാലനം |
| (ബി) മാനസിക-ശാരീരിക ശേഷി വ്യത്യാസം നേരത്തെ മനസ്സിലാക്കുന്നതിനും അവരുടെ ശേഷിക്കനുസൃതമായി പരിശീലനം നൽകുന്നതിനും സാധിക്കുന്നുണ്ടോ; | (ബി)ഉണ്ട്. മാനസിക-ശാരീരിക ശേഷി വ്യത്യാസം നേരത്തെ മനസ്സിലാക്കുന്നതിനും അവരുടെ ശേഷിക്കനുസൃതമായി പരിശീലനം നൽകുന്നതിനും വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം സംസ്ഥാനത്തെ 10 ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടി വരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ എന്നിവ നൽകി വരുന്നു.<br>അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നു. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലുമായി രണ്ടു മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ IMHANS ന്റെ സഹായത്തോടെ നടപ്പാക്കി |

വരുന്നു. ഇതിലൂടെ 600 കുട്ടികൾക്ക് ആവശ്യമായ സേവനം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിൽ നടപ്പാക്കുന്ന ഈ പദ്ധതി കേരളത്തിലുടനീളം 2017 ജൂൺ മാസത്തോടെ നിലവിൽ വരുന്നതാണ്.

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ആദ്യയൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രി 2017 ജൂലൈ മാസത്തോടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികൾ ഇപ്പോൾ കോഴിക്കോട് ജില്ലയിൽ നടപ്പാക്കി വരുന്നു. ഇത് കണ്ണൂർ, വയനാട് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

18 വയസ്സിന് താഴെയുള്ള കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളെ കാലേക്കൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും സാധാരണയായി കണ്ടു വരുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും പരിചരണവും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനന വൈകല്യങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്. നവജാത ശിശുക്കളെ പൊതുജനാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരും അനുബന്ധ ആരോഗ്യ പ്രവർത്തകരും 6 ആഴ്ച വരെ പ്രായമായ കുഞ്ഞുങ്ങളെ വീടുകളിൽ സന്ദർശനം നടത്തുന്ന JPHN/ASHA മുതലായവരും 6 ആഴ്ച മുതൽ 18 വയസ്സു വരെ പ്രായമുള്ള കുട്ടികളെ അംഗൻവാടിയിൽ വച്ചും സർക്കാർ എയ്ഡഡ് സ്കൂളുകളിൽ വച്ചും ആർ.ബി.എസ്.കെ നേഴ്സുമാരും പരിശോധിക്കുന്നു. ആരോഗ്യ പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും ആവശ്യമെങ്കിൽ അവിടെ നിന്നും വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേയ്ക്കും റഫർ ചെയ്തു വരുന്നു.

| | |
|---|---|
| (സി) ഭിന്നശേഷിക്കാരുടെ അവകാശം സംബന്ധിച്ച 2016-ലെ നിയമം നടപ്പാക്കുന്നതിനായി ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) 2016 ലെ The Rights of Persons with Disabilities Act ൽ ഉൾപ്പെടുന്ന പല ക്ഷേമ പ്രവർത്തനങ്ങളും വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും 19.4.2017 ന് നിലവിൽ വന്ന ആക്ടിനുമേൽ സംസ്ഥാന തലത്തിൽ ചട്ടങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഭിന്നശേഷിക്കാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി **അനുയാത്രാ** എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതിയ്ക്ക് സാമൂഹ്യനീതി വകുപ്പ് കേരള സാമുഹ്യ സുരക്ഷാ മിഷൻ മുഖേന രുപം നൽ കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities-UDID) നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോ ഫ്റ്റ്വെയർ മുഖാന്തരം ലഭ്യമാക്കുന്നതാണ്.

**2. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ഭിന്നശേഷിക്കാർക്ക് വേണ്ടി നടപ്പാക്കുന്ന സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം പേരുടെ ഗുണഭോക്തൃവിഹിതമായ 3.57 കോടി രൂപ, ഇൻഷ്വറൻസ് കമ്പനിയ്ക്ക് പ്രീമിയം ഡെപ്പോസിറ്റ് അഡ്വാൻസായി നൽ കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം ലഭിക്കുന്ന മുറയ്ക്ക് ഇൻഷ്വറൻസ് പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തുന്നതാണ്. ഇതിനായി കേന്ദ്ര ഗവൺമെന്റിനോട് പ്രത്യേകം അഭ്യർത്ഥന നടത്തിയി ട്ടുണ്ട്.

**3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

വൈകല്യങ്ങൾ എത്രയും നേരത്തെ ക ണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം സംസ്ഥാനത്തെ 10 ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്

**4. നിലവിലുള്ള NHM ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം**

പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടിവരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതിയും, ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്.

**5. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നു ണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലുമായി ഓരോ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ IMHANS ന്റെ സഹായത്തോടെ നടപ്പാക്കി വരുന്നു. ഇതിലൂടെ 600

കുട്ടികൾക്ക് ആവശ്യമായ സേവനം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട് ഇത്തരം മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിൽ നടപ്പാക്കുന്ന ഈ പദ്ധതി കേരളത്തിലുടനീളം 2017 ജൂൺ മാസത്തോടെ നിലവിൽ വരുന്നതാണ്.

6. **പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ**

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖല കളിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. ആദ്യയൂണിറ്റ് അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലാരംഭിക്കുന്നതിന് 19 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടു ണ്ട്. 2017 ജൂലൈ മാസത്തോടെ പ്രസ്തുത കേന്ദ്രം പ്രവർത്തനം ആരംഭിക്കുന്നതാണ്.

7. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ ക ണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികൾ ഇപ്പോൾ കോഴിക്കോട് ജില്ലയിൽ നടപ്പാക്കി വരുന്നു. ഇത് കണ്ണൂർ, വയനാട് ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ണ്ട്.

8. **പ്രോജക്ട് ഓട്ടിസം**

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതിനായി 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

9. **കാതോരം**

കേൾവി വൈകല്യം എത്രയും നേരത്തെ ക ണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്നതാണ്. ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ 40 ആശുപത്രികളിൽ നടന്നുവരുന്നു. ഇവിടെ OAE സ്ക്രീനറും ഒരു JPHN ന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ശരാശരി 10,000 കുട്ടികളുടെ കേൾവി പരിശോധന പ്രതിമാസം നടന്നുവരുന്നു. ഈ സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കുന്നതിനായി കൂടുതൽ OAE മെഷീനുകൾ വാങ്ങാനും JPHNs-നെ നിയമിക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടു ണ്ട്. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കുന്നതിനായി BERA ലഭ്യമാക്കാൻ KMSCL-ന് സപ്ലൈ ഓർഡർ നൽ കിയിട്ടു ണ്ട്.

10. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28000-ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉ ണ്ടെന്നാണ് കണക്ക്. 1000 കുട്ടികൾക്ക് 1 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിൽ ഒരു ജില്ലയിൽ 2 വീതം 28 സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ തുടക്കമായി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ

മുനിസിപ്പാലിറ്റിയിൽ **MCRC** ആരംഭിക്കാനുള്ള ഭരണാനുമതി ലഭ്യമാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തി ട്ടുണ്ട്

**11. ഹെൽപ്പ് ഡെസ്ക്**

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ഫയൽ ഫോളോ അപ് ഉൾപ്പെടെയുള്ള ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനമായി പ്രവർത്തിക്കുന്നതിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഇതേ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ ആരംഭിക്കുന്ന ഈ ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനം 2017 ജൂൺ മാസത്തിൽ ആരംഭിക്കുന്നതാണ്.

**12. Student Initiative**

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി Student Initiative എന്ന പേരിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണി റ്റി മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈ വർഷം തന്നെ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ണ്ട്

**13. ദേശീയ ശില്പശാല**

അംഗപരിമിത മേഖലയിൽ ദേശീയ തലത്തിൽ നടക്കുന്ന നൂതന മാതൃകകളും പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനും ദേശീയ തലത്തിലുള്ള വിദഗ്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ നടപ്പാക്കേണ്ട നൂതന ഇടപെടലുകൾ ക ണ്ടെത്തുന്നതിനുമായി ഒരു ദേശീയ ശില്പശാല 2017 ആഗസ്റ്റ് മാസം സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ണ്ട്.

**14. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ**

അനുയാത്രാ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ രിപാടികൾ, എന്നിവ നടപ്പാക്കും. ഒരു നൂതന സമീപനം എന്ന നിലയിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാജിക് പരിശീലനം നൽകി അവരെ അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors) മാറ്റാനുള്ള പരിശീലനപരിപാടി - M Power- മാജിക് അക്കാദമിയും ആയി സഹകരിച്ച് ആരംഭിച്ചി ട്ടുണ്ട്. 2017 ജൂൺ മാസത്തിൽ ഇവരുടെ പരിശീലനം പൂർത്തിയാകുന്നതാണ്.

**15. MMR & Rubella വാക്സിനേഷൻ**

കുഞ്ഞുങ്ങൾക്ക് ജന്മനായുള്ള വൈകല്യങ്ങൾ തടയുന്നതിനായി MMR വാക്സിനും, റുബല്ല എന്ന വൈറസ് മൂലം ഗർഭസ്ഥ ശിശുവിന് വൈകല്യം വരുന്നത് തടയുന്നതിനായി റുബല്ല വാക്സിനും നൽകുന്ന പദ്ധതി 2016-17 ലും നടപ്പിലാക്കിയിട്ടു ണ്ട്. കൗമാരപ്രായക്കാരായ 5,00,000 പെൺകുട്ടികൾക്ക് റുബെല്ലാ വാക്സിനും 6,00,000 കുഞ്ഞുങ്ങൾക്ക് MMR വാക്സിനും 2016-17- ൽ ആരോഗ്യ വകുപ്പിന്റേയും വിദ്യാഭ്യാസ വകുപിന്റേയും സഹകരണത്തോടെ ലഭ്യമാക്കിയിട്ടുണ്ട്.